നം.കെ.എസ്.എ-ഐ.ഡി.കെ-11/1371/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം,തൊടുപുഴ
ഫോൺ : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി : 17.10.2016

## ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ
## 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് **215(4), 1994**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

***************************************

ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16-07-2016 മുതൽ 25-09-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എസ്. മുരളീദാസ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 26-09-2016 മുതൽ 01-10-2016 വരെ |

| | | | |
|---|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. റ്റി. ഒ. പോളി | ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ. ഇ.വി. ജിബി | സീനി. ഗ്രേഡ് ഓഡിറ്റർ |
| | : | ശ്രീ. എം. കെ. അഭിലാഷ് | സീനി. ഗ്രേഡ് ഓഡിറ്റർ |

| | | | |
|---|---|---|---|
| | : | ശ്രീ. എബി എബ്രഹാം | സീനി. ഗ്രേഡ് ഓഡിറ്റർ |
| | : | ശ്രീ. കെ. സി. ബിനുമോൻ | ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. കൊച്ചുറാണി ഷാജി<br>വൈസ് പ്രസിഡന്റ് (അധിക ചുമതല) | 01-04-2015 മുതൽ 05-04-2015 വരെ |
| | : | ശ്രീ. എസ്. പീർബാഷ | 06-04-2015 മുതൽ 30-09-2015 വരെ |
| | : | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01-10-2015 മുതൽ 18-11-2015 വരെ |
| | : | ശ്രീമതി. മഞ്ജു ജെയ്ൻ | 19-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | : | ശ്രീ. റ്റി. എസ്. ജോസ് | 01-04-2015 മുതൽ 31-03-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| അസി. എഞ്ചിനീയർ | : | ശ്രീ. എം. അനന്തകൃഷ്ണൻ | 01-04-2015 മുതൽ 31-03-2016 വരെ |
| കൃഷി ഓഫീസർ | : | ശ്രീമതി. ഷീൻ ജോൺസ് | 01-04-2015 മുതൽ 29-02-2016 വരെ |
| | : | ശ്രീമതി. എം. എ. സിജി | 01-03-2016 മുതൽ 14-03-2016 വരെ |
| | : | ശ്രീ. പി. ജെ. രാജേഷ് | 15-03-2016 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | : | ശ്രീമതി.എൻ.ആർ.പുഷ്പലത | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | : | ഡോ. എം. എസ്. നൗഷാദ് | 01-04-2015 മുതൽ 13-07-2015 വരെ |

| | | | |
|---|---|---|---|
| | | | |
| | : | ഡോ. വി. കെ. രഹന | 14-07-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | : | ഡോ. വി. എസ്. ചേതൻ | 01-04-2015 മുതൽ 04-06-2015 വരെ |
| | : | ഡോ. ലിൻഡ സാറ കുര്യൻ | 05-06-2015 മുതൽ 06-07-2015 വരെ |
| | : | ഡോ. എ. ആർ. ഭാഗ്യശ്രീ | 07-07-2015 മുതൽ 11-08-2015 വരെ |
| | : | ഡോ. സാകിൽ രവീന്ദ്രൻ | 11-08-2015 മുതൽ 15-01-2016 വരെ |
| | : | ഡോ. ശാലിനി ബാലചന്ദ്രൻ | 16-01-2016 മുതൽ 31-03-2016 വരെ |
| വെറ്ററിനറി സർജൻ | : | ഡോ.എം.പിച്ചൈമുരുകൻ | 01-04-2015 മുതൽ 31-03-2016 വരെ |
| ഹെഡ് മാസ്റ്റർ ഗവ. എച്ച്. എസ് ബൈസൺവാലി | : | ശ്രീ. റ്റി. ശ്രീകുമാർ | 01-04-2015 മുതൽ 31-03-2016 വരെ |
| ഗ്രാമസേവകൻ | : | ശ്രീ. എം. എസ്.സുനിൽ | 01-04-2015 മുതൽ 31-03-2016 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | : | ശ്രീ. കെ. പി. പൈലി | 01-04-2015 മുതൽ 31-03-2016 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഖണ്ഡിക |
|---|---|---|
| ഭാഗം-1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |

| | | |
|---|---|---|
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | അക്കൗണ്ട്സ് പരിശോധന |
| ഭാഗം-2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | 2-1 | ഔഷധിയിൽ നിന്നും യഥാസമയം മരുന്ന് ലഭ്യമാകുന്നില്ല |
| 13 | 2-2 | ക്യാഷ് ബുക്ക് രജിസ്റ്റർ സൂക്ഷിപ്പ് |
| ഭാഗം-3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | 3-1 | റോഡ് കോൺക്രീറ്റിംഗ് - അധികം നല്കിയ തുക അംഗീകരിക്കുന്നില്ല. ₹85,350/- |
| 15 | 3-2 | DSR ഐറ്റം നമ്പർ 16.1 പ്രകാരം മെറ്റലിംഗിന് മുമ്പ് ചെയ്ത പ്രവൃത്തികളുടെ ആവശ്യകത വ്യക്തമല്ല |
| 16 | 3-3 | മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകതകൾ |

| ഭാഗം-4 ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | | |
|---|---|---|
| 18 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 19 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 20 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 21 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 22 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 23 | 4-6 | ഓഡിറ്റ് റിക്കവറി |
| 24 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 25 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 26 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 27 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

*****************************

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 05-03-2015 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. ബജറ്റ് പ്രകാരം വരവ് ₹8,07,32,540/-യും ചെലവ് ₹9,09,47,500/-യുമാണ് ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ കൃത്യമായി താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 31-05-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധം – 1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹18231609 |
| വരവ് | ₹46898959 |
| ആകെ | ₹65130568 |
| ചെലവ് | ₹57288016 |
| നീക്കിയിരിപ്പ് | ₹7842552 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 498647 | 1592155 | 2090802 | 2090802 | 0 | 100 |
| | എസ്.സി.പി. | 561131 | 916800 | 1477931 | 1477931 | 0 | 100 |
| | ടി.എസ്.പി. | 901092 | 1260220 | 2161312 | 2161312 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് | റോഡ് | 1609671 | 5278819 | 6888490 | 6888490 | 0 | 100 |
| | നോൺറോഡ് | 435510 | 1784991 | 9108991 | 9108991 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 614531 | 3845298 | 4459829 | 4459829 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | | 2260010 | 1842610 | 4102620 | 4102620 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | | 31524 | 667763 | 699287 | 699156 | 131 | 99.98 |
| ബി-ഫണ്ട് | | 0 | 172088 | 172088 | 172088 | 0 | 100 |
| ആകെ | | **6912116** | **17360744** | **31161350** | **31161219** | **131** | **99.99** |

എൻ.ആർ.ഇ.ജി.എസ്. ഇനത്തിൽ 07-07-2016ൽ വന്ന ₹63,500/- അക്കൗണ്ട് ഹെഡ് മാറി "Total poverty allivation" എന്ന ഹെഡിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ജില്ലാ ആസൂത്രണ സമിതിയുടെ ഡി.പി.സി/543/2015/ഐ.ഡി.കെ./തീ.14-07-2016 ആയുള്ള അന്തിമ ഉത്തരവ് പ്രകാരം ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 130 | 44264572 | 102 | 24137991 | 21 | 7 | 78.46 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| ക്രമ നം. | പദ്ധതി നം. & പദ്ധതി | അടങ്കൽ ₹ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| - ഇല്ല - | | | |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 37.45 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2998614 | 1619622 | (-)1378992 | (-)45.98 |
| നികുതിയേതര വരവുകൾ | 255596 | 269918 | 14322 | 45.6 |
| മറ്റുവരവുകൾ | 141861 | 235986 | 94125 | 66.35 |
| ആകെ | 3396071 | 2125526 | (-)1270545 | (-)37.45 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9,000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-09-2016 തീയതി 11.00ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹23,401/-യുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം

സ്റ്റോക്ക് രജിസ്റ്ററുകൾ എല്ലാ രേഖപ്പെടുത്തലുകളും നടത്തി പരിപാലിക്കുന്നില്ല. സെക്രട്ടറിമാരുടെ സ്ഥലമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറ്റം ചെയ്യുന്നില്ല. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തികൾ സൃഷ്ടിക്കുന്നത് കൃത്യമായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല.

ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

എല്ലാ വാർഡുകളിലും ഊരുകൂട്ടങ്ങളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-07-2016 | ജൂൺ 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-02-2016 | 2010-11 മുതൽ 2014-15 വരെ | 12-04-2016 |

## 1-12 അക്കൗണ്ട്സ് പരിശോധന

1. ബാങ്കിലെ നീക്കിയിരിപ്പ് തുക ലയബിലിറ്റി ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല

SBT Plan suspense (Ledger Code : 450210101) ബാങ്ക് അക്കൗണ്ടിൽ 31.03.2016ൽ ₹22,05,295/- നീക്കിയിരിപ്പുണ്ട്. ടി തുക പ്ലാൻ ഫണ്ടിൽ നിന്നും ബില്ല് പ്രകാരം പിൻവലിച്ച് ഈ അക്കൗണ്ടിൽ നിക്ഷേപിച്ചതാണ്. തുക ഇതുവരെ ചെലവഴിച്ചിട്ടില്ല. ഇത് ലയബിലിറ്റി ആയി കാണിക്കേണ്ടതും ഈ തുക സർക്കാരിലേക്ക് അടയ്ക്കേണ്ടതുമാണ്.

2. ബാങ്കിലെ നീക്കിയിരിപ്പ് തുക ലയബിലിറ്റിയുമായി പൊരുത്തപ്പെടുന്നില്ല

*ബാങ്ക് അക്കൗണ്ട്* :- എസ്.ബി.റ്റി. ജലനിധി അക്കൗണ്ടിൽ ₹18,40,484/- നീക്കിയിരിപ്പുണ്ട്. എന്നാൽ ലയബിലിറ്റി ഹെഡിൽ ജലനിധി ലെഡ്ജർ അക്കൗണ്ടിൽ ₹9,99,971/- മാത്രമാണ് ബാലൻസ് ഉള്ളത്. ബാങ്കിലെ

നീക്കിയിരിപ്പ് തുക ലയബിലിറ്റിയുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

3.വാർഷിക കണക്കുകൾ പ്രകാരം ലഭിക്കാനുള്ള വസ്തുനികുതി ₹24,61,223/-യാണ്. എന്നാൽ ഇത് രജിസ്റ്റർ പ്രകാരമുള്ള ശരിയായ തുകയുമായി പൊരുത്തപ്പെടുന്നില്ല.

4)<u>ലെഡ്ജർ അക്കൗണ്ട്</u> :- Western Ghat Development Scheme (WGDP) ലയബിലിറ്റി ഹെഡിൽ ₹2,73,232/- നീക്കിയിരിപ്പുണ്ട്. എന്നാൽ ബാങ്കിലെ ബാലൻസ് ₹2,88,222/-യാണ്.

5) <u>ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് – അപാകതകൾ</u> :-

ഗ്രാന്റായി ലഭിക്കുന്ന തുകകളും അത് ചെലവഴിക്കുമ്പോഴും Income & Expenditure അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നില്ല. ജലനിധിക്കായി തനത് വർഷം ലെഡ്ജർ കോഡ് നം.320300102 Grants, Funds & Specific purpose എന്ന ഹെഡിൽ ₹1,80,20,746/- വരവും ഇതേ ഹെഡിൽ ₹1,84,91,080/- ചെലവും രേഖപ്പെടുത്തിയിരിക്കുന്നു. ഇതേ ഹെഡിൽ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ Income & Expenditure അക്കൗണ്ടിൽ ഈ ചെലവ് ഉൾപ്പെടുന്നില്ല.

കൂടാതെ, ലെഡ്ജർ കോഡ് നം.320300199 Grants, Funds, Other Govt. എന്ന ഹെഡിൽ ₹5,00,000/- വരവും ₹5,00,000/- ചെലവും രേഖപ്പെടുത്തിയിരിക്കുന്നു. ഏത് പ്രവർത്തിക്കാണോ തുക ചെലവഴിച്ചത് ആ ഹെഡിലാണ് ചെലവ് രേഖപ്പെടുത്തേണ്ടത്.

**********************

## ഭാഗം-2

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 2-1 <u>ഔഷധിയിൽ നിന്നും യഥാസയം മരുന്ന് ലഭ്യമാകുന്നില്ല</u>

സർക്കുലർ നം.13160/ഡി.എ.-1/2010/സ്വ.ഭ.വ./28.11.2010, പ്രകാരം ഔഷധിയിൽ നിന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മരുന്ന് വാങ്ങുമ്പോൾ രണ്ട് മാസത്തിനുള്ളിൽ വിതരണം ചെയ്യണം എന്ന വ്യവസ്ഥയിൽ മുൻകൂർ തുക നൽകാവുന്നതാണ്. ഇത് സംബന്ധിച്ച് ഔഷധിയുമായി കരാർ വെയ്ക്കണം. രണ്ട് മാസത്തിനുള്ളിൽ മരുന്ന് നൽകുന്നില്ലെങ്കിൽ ഔഷധി നഷ്ടപരിഹാരം നൽകണം. ഇവിടെ ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (പ്രോജക്റ്റ് നം.64/2016) മുൻകൂർ തുക ₹2,50,000/- നൽകി (ഡി.ഡി നം 451152, 30.9.2015). രണ്ട് മാസത്തിനുള്ളിൽ രണ്ട് തവണയും രണ്ട് മാസത്തിന് ശേഷം നാല് തവണകളായും മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. മരുന്ന് വിതരണത്തിൽ കാലതാമസം വരാതെ ശ്രദ്ധിക്കേണ്ടതാണ്.

### 2-2 <u>ക്യാഷ് ബുക്ക് രജിസ്റ്റർ സൂക്ഷിപ്പ്</u>

പഞ്ചായത്തിലെ വെറ്ററിനറി സെന്റർ, പി.എച്ച്.സി. എന്നിവിടങ്ങളിൽ T.R.-7A പ്രകാരമുള്ള ക്യാഷ് ബുക്ക് രജിസ്റ്റർ എഴുതുന്നില്ല. കൃത്യമായി ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

******************

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് കോൺക്രീറ്റിംഗ് - അധികം നല്കിയ തുക അംഗീകരിക്കുന്നില്ല - ₹85,350/-

റോഡ് കോൺക്രീറ്റിംഗിന് വെയറിംഗ് കോട്ടായി ചെയ്യുന്ന 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗിന് ഡാറ്റ DSR- 2014 ഐറ്റം നമ്പർ 4.1.3 പ്രകാരം(CPWD Specification) ഇടുക്കി ജില്ലയിൽ നല്കാവുന്ന നിരക്ക് 7062/m3 (without CP). എന്നാൽ നല്കിയ നിരക്ക് ഫ്ലോർ കോൺക്രീറ്റിംഗ് വെയറിംഗ് കോട്ടിംഗിന്റെ ഡാറ്റ ഐറ്റം നമ്പർ 11.7 പ്രകാരമുള്ള ഫിനിഷിംഗ് പ്രവൃത്തി ഉൾപ്പെടെയുള്ള നിരക്കായ 7440.40/m3 ആണ്. ഒരു ഘനമീറ്ററിന് ₹378.39/- അധികം നല്കിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കൺവീനർ | അളവ് ബുക്ക് നം. | ബിൽ നം./ തീ./തുക ₹ | അളവ് (എം3) | നിരക്ക്/എം3 | തുക | അധികം നല്കിയ തുക ₹ 378.39/എം3 |
|---|---|---|---|---|---|---|---|---|
| 1 | S0025/16 മന്ദിരകവല പോസ്റ്റോഫീസ് പടി റോഡ് കോൺക്രീറ്റിംഗ് | എം. എസ്. ഷാജി | 460/15-16 | 20/15-16/ 29.01.16/ ₹4,00,000/- | 22.05 | 7440.39 | 1,64,061 | 8,343 |
| 2 | S027/16 സോസൈറ്റിമേട് അംഗൻവാടി വെള്ളപ്പാണ്ടി പുരയിടം റോഡ് കോൺക്രീറ്റിംഗ് | ഏലിയാസ് | 581/14-15 | 12/15-16/ 31.12.15/ ₹4,00,000/- | 21 | 7440.39 | 1,56,248 | 7,946 |
| 3 | S0042/16 ഉപ്പാർ ടീ - കമ്പനി റോഡ് കോൺക്രീറ്റിംഗ് | ലൂക്ക ചെല്ലപ്പൻ | 306/15-16 | 14/15-16/ 31.12.16/ ₹1,50,000/- | 8.3 | 7440.39 | 61,755 | 3,140 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | S136/16<br>പരവരാകത്ത് ജംഗ്ഷൻ കോട്ടാലപ്പടി റോഡ് കോൺക്രീറ്റിംഗ് | സാബു | 560/15-16 | 37/15-16/<br>₹2,00,000/- | 11.20 | 7440.39 | 83,332 | 4,238 |
| 5 | S035/16<br>തറപ്പേൽ പാലം രത്തഗിരി റോഡ് കോൺക്രീറ്റ് | മാത്യു | 401/15-16 | 11/15-16/<br>₹1,03,264/- | 5.277 | 7440.39 | 39,262 | 1,996 |
| 6 | S0013/16<br>പെത്തലകുടി നടപ്പാത | ലക്ഷ്മണൻ | 270/15-16 | 27/15-16<br>₹3,05,000/- | 16.23 | 7440.39 | 1,20,758 | 6,141 |
| 7 | S0017/16<br>ഇരുട്ടള കോളനി റോഡ് | സാബു | 114/15-16 | 48/15-16<br>₹1,69,630/- | 18.74 | 7440.39 | 1,39,440/- | 7,091 |
| 8 | S0020/16<br>ബൈസൻവാലി ചൊക്രമുടി റോഡ് | ഗോപാലകൃഷ്ണൻ | 124/15-16 | 28/15-16<br>₹4,00,000/- | 21 | 7440.39 | 1,56,248 | 7,946 |
| 9 | S0028/16<br>പോസ്റ്റ് ഓഫീസ് പടി - ഗണപതി അമ്പലം റോഡ് | ബിനേഷ് | 106/15-16 | 7/16<br>₹4,00,000/- | 22.052 | 7440.39 | 1,64,060/- | 8,344 |
| 10 | S0036/16<br>ജോസ്ഥിരി പുന്നസിറ്റി റോഡ് | ഗോപാലകൃഷ്ണൻ | 123/15-16 | 22/16<br>₹4,00,000/- | 21.31 | 7440.39 | 1,58,554/- | 8,063 |
| 11 | S0037/16<br>വെട്ടികല്ലേൽ പുരയിടം പുന്നസിറ്റി | ഗോപാലകൃഷ്ണൻ | 109/15-16 | 19/15-16<br>₹2,10,000/- | 8.6 | 7440.39 | 63,987/- | 3,254 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | റോഡ് | | | | | | | |
| 12 | S0046/16 20 ഏക്കർ കുടി അമ്പലം റോഡ് | ഔസേഫ് | 117/15-16 | 29/15-16 ₹3,00,000/- | 14.3 | 7440.39 | 1,06,398 | 5,411 |
| 13 | S0052/16 എട്ടൂർ കോളനി റോഡ് | ഔസേഫ് | 457/15-16 | 31/15-16 ₹1,50,000/- | 8.71 | 7440.39 | 64,805/- | 3,296 |
| 14 | S0055/16 പെത്തലകുടി കോളനി റോഡ് | ലക്ഷ്മണൻ | 271/15-16 | 24/15-16 ₹4,95,000/- | 26.80 | 7440.39 | 1,99,402/- | 10,141 |
| | | | | | | | ആകെ | 85350 |

നഷ്ടം ₹85,350/- ഉത്തരവാദിയായ എഞ്ചിനീയർമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 DSR ഐറ്റം നമ്പർ 16.1 പ്രകാരം മെറ്റലിംഗിന് മുമ്പ് ചെയ്ത പ്രവൃത്തികളുടെ ആവശ്യകത വ്യക്തമല്ല

താഴെ പറയുന്ന പ്രവൃത്തികൾക്ക് DSR ഐറ്റം നമ്പർ 16.1 പ്രകാരമുള്ള "Preparation and consolidation of sub grade with power road roller of 8 to 12 tonne capacity after excavating earth to an average of 22.5cm depth, dressing to camber and consolidated with road roller including making good the undulation etc. and re-rolling the sub grade and disposal of surplus earth with upto 50 metres." എന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്.

ഡാറ്റ പ്രകാരം ഒരു ചതുരശ്രമീറ്ററിന് ₹105.03/-യാണ് ഈ പ്രവൃത്തിയുടെ നിരക്ക്. ഗതാഗതം തീരെ കുറവുള്ള വീതി കുറഞ്ഞ റോഡുകൾക്ക് ഈ പ്രവൃത്തി ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കൺവീനർ | അളവ് ബുക്ക് നം. | ബിൽ നം./ തീ./തുക ₹ | അളവ് (എം2) | നിരക്ക്/എം2 | തുക₹ |
|---|---|---|---|---|---|---|---|
| 1 | S0032/16 മേച്ചേരിപ്പടി മാവിൻചുവട് റോഡ് മെറ്റലിംഗ് | ജോമോൻ | 316/15-16 | 13/15-16/ 31.12.15/ ₹2,60,000/- | 702.90 | 105.03 | 73825.58 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 2 | S0029/16 ഹൈസ്കൂൾ പടി പ്രധാനമന്ത്രി റോഡ് | ബിനേഷ് | 111/15-16 | 30/15-16 | 320.04 | 105.03 | 33,652 |
| 3 | S0022/16 അച്ചൻകോട് ചന്ദ്രഗിരി റോഡ് | അശോകൻ | 112/15-16 | 49/15-16 | 468.4 | 105.03 | 49,196 |

ഈ പ്രവൃത്തി ചെയ്തത് സംബന്ധിച്ചും ചെയ്യേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകതകൾ

പഞ്ചായത്ത് തനത് വർഷം 1.62 കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് റോഡ് മെയിന്റനൻസ് ചെയ്യുന്നതിനാണ്. ഭൂരിപക്ഷം പ്രവൃത്തികളും കോൺക്രീറ്റിംഗ് ആണ്. കൂടാതെ റോഡ് ടാറിംഗ് പ്രവൃത്തികളും ചെയ്തിട്ടുണ്ട്. റോഡുകൾ മുഴുവൻ മെയിന്റനൻസ് ചെയ്യാതെ റോഡിന്റെ ചെറിയ ഭാഗം മാത്രം മെയിന്റനൻസ് ചെയുന്നു. കോൺക്രീറ്റ് ചെയുന്ന റോഡുകളുടെ ആകെ നീളമോ, കോൺക്രീറ്റ് ചെയുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ, എസ്റ്റിമേറ്റിലോ, എംബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്ഥലം നേരിൽ പോയി പ്രവൃത്തി ചെയ്തത് പരിശോധിക്കാനും സാധ്യമല്ല. മാത്രമല്ല പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ടും ഒരു ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ എന്നു പോലും അറിയില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മെയിന്റനൻസ് ചെയുന്നു. ഓരോ വർഷവും പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ, ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

പ്രവൃത്തി ചെയ്ത എല്ലാ റോഡുകളുടേയും ആകെ നീളവും പ്രവൃത്തി ചെയ്ത ഭാഗത്തെ ചെയിനേജും ഫയലിലും എം.ബുക്കിലും രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതും ഭാവിയിൽ ഈ അപാകത പരിഹരിക്കേണ്ടതുമാണ്. ആസ്തി രജിസ്റ്ററിൽ ഇല്ലാത്ത റോഡുകൾ മെയിന്റനൻസ് ചെയ്തത് നിലവിലുള്ള റോഡുകൾ ആണെന്ന് ഉറപ്പാക്കേണ്ടതും ഇവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

*******************

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| - ഇല്ല - | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുളള തുക |
|---|---|---|---|---|---|
| - ഇല്ല - | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുളള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ ₹ | പലിശ ₹ | |

| |
|---|
| - ഇല്ല - |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

– ഇല്ല –

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹4,68,98,959 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹5,72,88,016 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹85,350 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി**)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 42,675 | ശ്രീ. എം. അനന്തകൃഷ്ണൻ<br>അസി. എഞ്ചിനീയർ |
| 3-1 | - | 42,675 | ശ്രീ. ശിവകുമാർ<br>അസി. എക്സി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - ഇല്ല - | | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം. : 3-2, 3-3

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം. അനന്തകൃഷ്ണൻ, അസി.എഞ്ചിനീയർ | - | ദൈവവിലാസം വീട് ചോറ്റാനിക്കര പി.ഒ എറണാകുളം ജില്ല 682312 |
| ശ്രീ. ശിവകുമാർ അസി. എക്സി. എഞ്ചിനീയർ | - | ആയില്യം വീട് മുനിസിപ്പൽ വാർഡ് ആലപ്പുഴ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.ഐ-5/666/1997/18.10.1997 | |
| 1997-98 | എൽ.എഫ്.ഐ-8/26/1999/27.09.1999 | |
| 1998-99 | എൽ.എഫ്.ഐ-8/412/2000/18.10.2000 | |

| | | |
|---|---|---|
| 1999-00 | എൽ.എഫ്.ഐ-8/106/2001/22.03.2001 | |
| 2000-01 | എൽ.എഫ്.ഐ-8/556/2002/13.11.2002 | |
| 2001-02 | എൽ.എഫ്.ഐ-8/659/2003/06.04.2004 | |
| 2002-03 | എൽ.എഫ്.ഐ-8/368/2005/05.09.2005 | |
| 2003-04 | എൽ.എഫ്.ഐ-7/380/2007/07.06.2007 | |
| 2004-05 | എൽ.എഫ്.ഐ-7/921/2007/12.05.2008 | |
| 2005-06 | എൽ.എഫ്.ഐ-7/922/2007/12.05.2008 | |
| 2006-07 | എൽ.എഫ്.ഐ-7/717/2008/11.12.2008 | |
| 2007-08 | എൽ.എഫ്.ഐ-7/449/2009/22.05.2010 | |
| 2008-09 | എൽ.എഫ്.ഐ-11/1099/2010/22.01.2011 | |
| 2009-10 | എൽ.എഫ്.ഐ-11/943/2011/27.10.2011 | |
| 2010-11<br>2011-12 | എൽ.എഫ്.ഐ-11/462/2013/09.09.2013 | |
| 2012-13<br>2013-14 | എൽ.എഫ്.ഐ-11/328/2014/03.03.2015 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-11/1371/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം,തൊടുപുഴ
ഫോൺ : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി : 17.10.2016

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ **2015-16** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി

ജില്ലയിലെ **ബൈസൺവാലി** ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

No.KSA-IDK/11/1371/2016

Kerala State Audit Department

District Audit Office, Idukki

Ph : 04862-227332

***E-mail:doidk.ksad@kerala.gov.in***

Dt: 17.10.2016

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Bisonvalley** Grama Panchayat in **Idukki** District for the year ended on **31-03-2016** in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Bisonvalley** Grama Panchayath for the year 2015-16 except the observations in My audit report properly presents the picture of income and expenditure .

**DEPUTY DIRECTOR**
**KERALA STATE AUDIT DEPARTMENT**